**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** | **03.02.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 10** | **മറുപടിക്ക്**

## മികവുറ്റ ക്രമസമാധാനപാലനത്തിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. സജി ചെറിയാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം ക്രമസമാധാന പാലനം മികവുറ്റതാക്കുന്നതിനും പോലീസിന്റെ ആധുനികീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്രമസമാധാനപാലനം മികവുറ്റതാക്കുന്നതിനും പോലീസിന്റെ ആധുനികീകരണത്തിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1.ക്രമസമാധാനപാലനവും കേസന്വേഷണവും മികവുറ്റതാക്കുന്നതിനു വേണ്ടി, സബ് ഇൻസ്പെക്ടർമാർക്കു പകരം ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.മാരായി നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br>2. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിങ് നെറ്റ് വർക്കിങ് സിസ്റ്റം (CCTNS) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br>3. ശാസ്ത്രീയ കുറ്റാന്വേഷണം കൂടുതൽ ഫലവത്താക്കുന്നതിന് ഫോറൻസിക് സയൻസ് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു വരുന്നു.<br>4. കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.<br>5. കേസന്വേഷണം എളുപ്പമാക്കുന്നതിന് ബോഡി വോൺ ക്യാമറകൾ, CCTV ക്യാമറകൾ, Vehicle Mounted GPS സിസ്റ്റം, Unmanned Aerial Vehicle, ട്രാഫിക് സിഗ്നൽ സിസ്റ്റം, ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ,ട്രാഫിക് ഗെയ്മിംഗ് അപ്ലിക്കേഷനുകൾ എന്നിവ |

പോലീസിന് ലഭ്യമാക്കിയിട്ടുണ്ട്.

6. കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പ് വരുത്തുന്നതിനും Trace my trip, Nearest/Jurisdictional police station, SOS-Panic message, Chat Bot for public service, offense reporting, Citizen services, Traffic guru തുടങ്ങിയ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുള്ളതും അവ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

7. സ്ഫോടകവസ്തുക്കൾ അപകടരഹിതമായി നിർവ്വീര്യമാക്കുന്നതിനുള്ള Robotic Mobile Explosive Cutter Vehicle വാങ്ങിയിട്ടുണ്ട്.

8. തീരദേശ സുരക്ഷയ്ക്കും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി സാറ്റലൈറ്റ് ഫോണുകൾ വാങ്ങിയിട്ടുണ്ട്.

9. Cyber Crime Prevention Against Women and Children (CCPWC) Project സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

10. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കു പകരം അത്യാധുനിക രീതിയിലുള്ള Digital Communication System തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

11. ഫിംഗർ പ്രിന്റ് ബ്യൂറോ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

12. കോളുകൾ, മെസ്സേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനുള്ള CMS (Centralised Monitoring System) നടപ്പിലാക്കിയിട്ടുണ്ട്.

13. ശബരിമലയിൽ സുരക്ഷാനടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

14. ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിന് 'വെർച്ചൽ ക്യൂ' സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

15. KANSAF (Kerala Anti Narcotic Special Action Force) ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുന്നതിനു വേണ്ടി അത്യാധുനിക ഉപകരണങ്ങളും വാഹനങ്ങളും നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനപാലന സേനയായി മാറാൻ | ബി) ഇത്തരം ഒരു കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ പോലീസ് ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ |

| | |
|---|---|
| കഴിഞ്ഞിട്ടുള്ള കേരള പോലീസിൽ ഒറ്റപ്പെട്ട ചിലർ വർഗ്ഗീയ ചിന്തക്കടിമപ്പെട്ട വരാണെന്ന ആശങ്ക ദൂരീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്. |
| സി) പൗരത്വ രജിസ്റ്ററിന്റെ പേരിൽ, ഗുജറാത്തിൽ നടന്നത് പോലെയുള്ള സാമുദായിക കലാപം സൃഷ്ടിക്കുന്ന തരത്തിൽ പ്രകോപനം സൃഷ്ടിച്ച് പ്രകടനം നടത്തിയ വർഗ്ഗീയവാദികൾക്കെതിരെ സംഭവത്തിന്റെ ഗൗരവം ഉൾക്കൊണ്ട് പോലീസ് ഉദ്യോഗസ്ഥർ കർശന നടപടിയെടുത്തിട്ടുണ്ടോ; | സി) ഉണ്ട്. പൗരത്വ രജിസ്റ്ററിന്റെ/പൗരത്വ ബില്ലുമായി ബന്ധപ്പെട്ട് സാമുദായിക കലാപം സൃഷ്ടിക്കുന്ന തരത്തിൽ പ്രകോപനം സൃഷ്ടിച്ച് പ്രകടനം നടത്തിയതിന്റെ പേരിൽ 27 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൗരത്വ നിയമത്തെ അനുകൂലിച്ചു കൊണ്ട് കുറ്റ്യാടി ടൗണിൽ ബി.ജെ.പി നടത്തിയ പ്രകടനത്തിൽ ലഹള ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടെ മുദ്രാവാക്യം വിളിച്ച 100-ഓളം പേർക്കെതിരെ കേസെടുക്കുകയും ഇതിൽ പങ്കെടുത്തവർ മതസ്പർദ്ധ ഉണ്ടാക്കുന്ന തരത്തിൽ മുദ്രാവാക്യം വിളിക്കുന്നതായ വീഡിയോ ദൃശ്യമാധ്യ മങ്ങളിൽ പ്രചരിക്കുന്നതിനെക്കുറിച്ചും അന്വേഷണം നടത്തി വരുന്നുണ്ട്. |
| ഡി) കണ്ണൂർ ജില്ലയിൽ മട്ടന്നൂർ സ്റ്റേഷനിലെ എസ്.ഐ. യും ഇരിട്ടി എ.എസ്.പി. യും വർഗ്ഗീയ കലാപത്തിനും രാഷ്ട്രീയ അക്രമത്തിനും നിരന്തരം ശ്രമം നടത്തുന്ന സംഘത്തിന്റെ പരിപാടിയിൽ ഔദ്യോഗിക യൂണിഫോം ധരിച്ച് പങ്കെടുത്തെന്ന വാർത്ത യുടെ അടിസ്ഥാനത്തിൽ മാതൃകാപരമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഡി) മട്ടന്നൂർ പോലീസ് സ്റ്റേഷനിലെ രാജേഷ് കെ.കെ, എസ്.ഐ (ഗ്രേഡ്), ഇരിട്ടി എ.എസ്.പി എന്നിവരോട് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ